(ബി) 1992-ലെ ഭൗമ ഉച്ചകോടിയിലെ തീരുമാനപ്രകാരം രൂപീകൃതമായ ഗ്ലോബൽ എൻവയോൺമെന്റൽ ഫെസിലിറ്റി (ജി.ഇ.എഫ്.) എന്ന ധനസഹായ നിധിയിലൂടെയാണ് ഇൻഡ്യാ-ഇക്കോ ഡവലപ്മെന്റ് പദ്ധതി നടപ്പാക്കുന്നത്. രാജ്യത്തെ 7 തെരഞ്ഞെടുക്കപ്പെട്ട സുപ്രധാന സംരക്ഷണ കേന്ദ്രങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. കേരളത്തിൽ തേക്കടി കടുവാ സംരക്ഷണ കേന്ദ്രത്തിലാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്.

(സി) ജൈവ വൈവിദ്ധ്യത്തിന്റെ സമഗ്ര സംരക്ഷണവും വികസനവുമാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം. വന്യജീവികളുടെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുക, മണ്ണ്-ജല- സംരക്ഷണം, റോഡുകൾ, നടപ്പാതകൾ എന്നിവ സഞ്ചാര യോഗ്യമാക്കുക, വയർലസ് സംവിധാനം കാര്യക്ഷമമാക്കുക, സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ആയുധങ്ങളും വാഹനങ്ങളും മറ്റും നൽകി സംരക്ഷണ പരിപാലന സംവിധാനം കാര്യക്ഷമമാക്കുക എന്നിവയാണ് മറ്റ് ലക്ഷ്യങ്ങൾ. പൊതുജന പങ്കാളിത്തത്തോടെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുകയും, അപ്രകാരം സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകുന്ന ആദിവാസി-പിന്നോക്ക ജനവിഭാഗങ്ങൾക്ക് ജീവനോപാധിയും, തൊഴിലവസരങ്ങളും സൃഷ്ടിക്കുകയും, ജനങ്ങളുടെ വനത്തോടുള്ള അമിത ആശ്രയത്വം കുറയ്ക്കുകയും ചെയ്യുന്നതിനും ഉദ്ദേശിച്ചിട്ടുണ്ട്.

(ഡി) ഇൻഡ്യാ-ഇക്കോ ഡവലപ്മെന്റ് പദ്ധതിപ്രകാരം സംസ്ഥാനത്തിന് 5 വർഷത്തേക്ക് ആകെ 40.54 കോടി രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. പദ്ധതി വിഹിതം താഴെപ്പറയുംപ്രകാരമാണ്.

1.	ഐ.ഡി.എ. ക്രഡിറ്റ്	-	16.95 കോടി രൂപ
2.	ജി.ഇ.എഫ്. ക്രഡിറ്റ്	-	12.10 കോടി രൂപ
3.	കേരള സർക്കാരിന്റെ വിഹിതം	-	5.48 കോടി രൂപ
4.	കേന്ദ്രസർക്കാരിന്റെ വിഹിതം	-	3.24 കോടി രൂപ
5.	ഉപഭോക്താക്കളുടെ വിഹിതം	-	2.77 കോടി രൂപ
	ആകെ	-	40.54 കോടി രൂപ

21 (*81) കേരള ഫോറസ്ട്രി പ്രോജക്ട്

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിൽ നടപ്പിലാക്കുന്ന 'കേരള ഫോറസ്ട്രി പ്രോജക്ട്'-ന്റെ ഫലപ്രദമായ നടത്തിപ്പിനുവേണ്ടി സർക്കാർ എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ആകെ എത്രതുക ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു;

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതിക്കുവേണ്ടി ലോക ബാങ്കിൽനിന്നും എന്ത് തുക ധനസഹായം ലഭിക്കുമെന്ന് അറിയിക്കുമോ;

(ഇ) പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) വനസംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന തരത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുമോ;

(ജി) പദ്ധതിയുടെ പേരിൽ അത്യാവശ്യ ചെലവുകൾ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) പദ്ധതിക്കുവേണ്ടി ഇതുവരെ എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്;

(ഐ) ഇതിന് ആകെ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്;

(ജെ) പദ്ധതിയുടെ പ്രവർത്തനം പരിശോധിക്കുന്നതിന് ഉന്നതതലത്തിൽ ഉള്ള കമ്മിറ്റിയെ ചുമതലപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ):

(എ) ലോക ബാങ്കും ഭാരത സർക്കാരും കേരള സർക്കാരും തമ്മിൽ വിവിധ ഘട്ടങ്ങളിലായി നടത്തിയ ചർച്ചകളുടെയും പദ്ധതി വിലയിരുത്തലുകളുടെയും വെളിച്ചത്തിൽ തയ്യാറാക്കിയ പദ്ധതി രൂപരേഖയനുസരിച്ചാണ് കേരള ഫോറസ്ട്രി പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയിലെ മുഖ്യധാരാ പ്രവർത്തനങ്ങൾ എല്ലാം തന്നെ വനം വകുപ്പിൽ കാലാകാലങ്ങളിലായി നിലവിലുള്ള ഡിപ്പാർട്ടുമെന്റൽ നടപടി ക്രമങ്ങളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നവയാണ്. എന്നാൽ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള ചില നൂതന പരിപാടികൾ നടപ്പിലാക്കുന്നതിനും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും വേണ്ടി സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അവ പ്രധാനമായും താഴെ പറയുന്നവയെപ്പറ്റിയാണ്.

1. ജനപങ്കാളിത്തത്തോടെയുള്ള വനപരിപാലനത്തെ സംബന്ധിച്ച്
2. സംരക്ഷിത മേഖലകളിൽ ജനപങ്കാളിത്തത്തോടെ ജൈവ വൈവിദ്ധ്യ സംരക്ഷണ (എക്കോ ഡവലപ്മെന്റ്) പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച്.
3. പൊതുസ്ഥലങ്ങളിൽ വൃക്ഷത്തോട്ടങ്ങൾ വച്ചു പിടിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ.
4. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വാഹനങ്ങൾ, എക്യൂപ്മെന്റ്, മറ്റ് സാധനങ്ങൾ മുതലായവ വാങ്ങുന്നതിനും മറ്റ് സേവനങ്ങൾ ലഭ്യമാക്കുന്നതിനും പാലിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച്.
5. പദ്ധതി സുഗമമായി നടത്തുന്നതിനുവേണ്ടി ഡിപ്പാർട്ടുമെന്റു തലത്തിൽ ആവശ്യമായ അധികാര പ്രത്യായോജനം നൽകുന്നത് സംബന്ധിച്ച്.

(ബി) ഉദ്ദേശം 162 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. സ്ഥായിയായ പരിസ്ഥിതി സംരക്ഷണത്തിനും ജൈവ വൈവിദ്ധ്യ പരിപാലനത്തിനും വേണ്ടിയുള്ള വനസംരക്ഷണം.

LIBRARY ARCHIVES Kerala Legislative Assembly

2. പദ്ധതി പ്രദേശത്തെ വനത്തിൽനിന്നും തോട്ടങ്ങളിൽ നിന്നുമുള്ള തടികളുടെയും മറ്റ് വനവിഭവങ്ങളുടെയും സ്ഥായിയായ ഉൽപ്പാദന ക്ഷമതയുടെ വർദ്ധന.

3. വനത്തിനുള്ളിലും വനാതിർത്തി ഭാഗങ്ങളിലും താമസിക്കുന്ന ആദിവാസികൾ ഉൾപ്പെടെയുള്ള പാവപ്പെട്ടവരുടെ ജീവിതനിലവാര ഉന്നമനം.

(ഡി) ലോക ബാങ്കിൽ നിന്നു 152.1 കോടി രൂപ (39 മില്യൻ യു.എസ്. ഡോളർ) ധനസഹായം ലഭിക്കുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) വനസംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന തരത്തിൽ തന്നെയാണ് പ്രസ്തുത പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

(ജി) അംഗീകരിച്ച പദ്ധതി അനുസരിച്ചുള്ള ചെലവുകൾ മാത്രമാണ് നടത്തി വരുന്നത്.

(എച്ച്) പദ്ധതിക്ക് വേണ്ടി ഇതുവരെ 21 കാറുകൾ, 42 ജീപ്പുകൾ, ഒരു ടാറ്റാ സുമോ, ഒരു മിനിബസ്സ്, ഒരു ട്രക്ക്, 10 മോട്ടോർ സൈക്കിൾ, ഒരു മോപ്പഡ്, 3 ബോട്ട് എന്നിവ വാങ്ങിയിട്ടുണ്ട്.

(ഐ) 2,50,26,838/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(ജെ) പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വേണ്ടി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള 'സ്റ്റിയറിംഗ് ആന്റ് ഫിനാൻസ് കമ്മിറ്റിയും' വനം, വന്യജീവി വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള 'പ്രോജക്ട് കോ-ഓർഡിനേഷൻ കമ്മിറ്റിയും' മറ്റ് അനുബന്ധ ഡിപ്പാർട്ടുമെന്റൽ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ ലോകബാങ്കിന്റെ 'സൂപ്പർവൈസറി മിഷൻ' വർഷത്തിൽ രണ്ട് പ്രാവശ്യം പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

22 (*82) വില്പന നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം. ദാസൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നികുതി നിയമം ലളിതമാക്കുന്നതിനും നികുതി ചോർച്ച തടയുന്നതിനും നികുതി വകുപ്പിന്റെ ഭരണം സുതാര്യമാക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ബി) വിൽപ്പനനികുതിയിനത്തിൽ കുടിശ്ശികയായി കിടക്കുന്ന തുക ഊർജിതമായി പിരിച്ചെടുക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly